(ബി) വാട്ടർ സപ്ലൈ ജോലികൂടി പൂർത്തീകരിച്ച് ഡിസ്പെൻസറിയുടെ പ്രവർത്തനം കഴിയുന്നതും വേഗത്തിൽ ആരംഭിക്കുവാൻ നടപടി എടുക്കുന്നതാണ്.

ഫിഷറീസ് മേഖലയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായം

88 [96] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായമെന്ന നിലയിൽ ഫിഷറീസ് മേഖലയിൽ എന്ത് തുക ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കടലോര മേഖലയിലും ഉൾനാടൻ മേഖലയിലും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;

ഉത്തരം

(എ) 379,07,414.05 രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊല്ലം	57,46,760	രൂപ
ആലപ്പുഴ	72,55,346	,,
എറണാകുളം	64,88,218	,,
കോട്ടയം	18,83,957.50	,,
തൃശൂർ	25,65,650.35	,,
കോഴിക്കോട്	14,95,479	,,
കണ്ണൂർ	22,27,466	,,
പത്തനംതിട്ട	7,71,823	,,
തിരുവനന്തപുരം	50,23,769	,,
കാസർകോഡ്	9,52,632	,,
മലപ്പുറം	24,88,170	,,
ഇടുക്കി	2,65,000	,,
പാലക്കാട്	8,41,143	,,

(ബി) കടലോരമേഖല— 300,21,021 രൂപ

ഉൾനാടൻ മേഖല— 788,63,393.05 രൂപ

(സി) ഉദ്ദേശം 56306 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു

ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ

89 [97] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly